

സംസ്ഥാന സ്കൂൾ കലോൽസവത്തിൽ എച്ച്എസ്എസ് വിഭാഗം സംഘനൃത്തം വീക്ഷിക്കുന്നവർ.

# അവധിയെത്തി, ആളു കൂടി

## വാരാന്ത്യ ശനിയവധി ദിനത്തിൽ കലോൽസവ സദസ്സുകൾ നിറഞ്ഞു

തിരുവനന്തപുരം● സംസ്ഥാന സ്കൂൾ കലോൽസവത്തെ ഏറ്റെടുത്ത് തലസ്ഥാന നഗരത്തിലെ കലാപ്രേമികൾ. ആദ്യ ദിവസങ്ങളിൽ പകൽ നേരങ്ങളിൽ കാര്യമായ ആളില്ലാതിരുന്ന വേദികൾപോലും ഇന്നലെ നിറഞ്ഞു. ഒപ്പനയും മിമിക്രിയും നാടോടി നൃത്തവുമൊക്കെ നിറഞ്ഞ സദസിലാണ് ഇന്നലെ നടന്നത്. ശനിയാഴ്ചത്തെ അവധി കലാപ്രേമികൾ ആഘോഷമാക്കി.

ഒപ്പന മൽസരം നടന്ന പുത്തരിക്കണ്ടത്തെ മുഖ്യവേദിയിൽ രാവിലെ പത്തിന് അവിടവിടെ ഓരോരുത്തർ മാത്രമാണുണ്ടായിരുന്നത്. എന്നാൽ ഒരു മണിക്കൂർ കഴിഞ്ഞപ്പോഴേക്കും സ്ഥിതി മാറി. മണവാട്ടിമാരെയും തോഴിമാരെയും കാണാൻ ജനം പന്തലിൽ നിറഞ്ഞു. പലരും കൊച്ചുകുട്ടികളെയും മുതിർന്നവരെയും കൊണ്ടാണ് എത്തിയത്. സകുടുംബം സഹൃദയർ എത്തിയതോടെ പന്തലിൽ ഒരിഞ്ചു സ്ഥലം ബാക്കിയില്ലാതായി. ചെറിയൊരു ഇടവേള വന്നപ്പോൾ കുറെപ്പേർ എഴുന്നേറ്റു. സദസിന്റെ വശങ്ങളിൽ കാത്തുനിന്നവർ ഒഴിഞ്ഞ സീറ്റുകളിലേക്കു ചാടിവീഴുകയും ചെയ്തു. സംഘനൃത്തത്തിനും നിറഞ്ഞ സദസായിരുന്നു.

വിജെടി ഹാളിൽ ആളൊഴിഞ്ഞ അരങ്ങുകൾ കുറവ്. നഗരത്തിന്റെ പ്രൗഢിയുടെ അടയാളമായ ഈ ഹാളിൽ നിറഞ്ഞ സദസിനു മുന്നിൽ അരങ്ങിലെത്തുക എന്നതു തന്നെ വലിയ കാര്യം. ആളൊഴിഞ്ഞ ഒരു കസേരപോലും കാണാനില്ല ഇവിടെ. രാവിലെ ഹൈസ്കൂൾ വിഭാഗം ആൺകുട്ടികളുടെ മിമിക്രി മൽസരം ആരംഭിക്കുന്നതിനു മുൻപേ ഹാളും ബാൽക്കണിയും നിറഞ്ഞിരുന്നു. കസേരകൾ ലഭിക്കാതെ വന്നതോടെ കിട്ടിയ സ്ഥലത്തു നിന്നു കൊണ്ടായി മൽസരക്കാഴ്ച. മികച്ച പ്രകടനങ്ങൾക്കും നിറഞ്ഞ കയ്യടിയും വിജെടി ഹാളിൽ നിറഞ്ഞു. ഹയർ സെക്കൻഡറി വിഭാഗം ആൺകുട്ടികളുടെ കേരള നടന മൽസരവും നിറഞ്ഞ വേദിയിലാണ് ആരംഭിച്ചത്.

വട്ടപ്പാട്ടിനോടു കൂട്ടുകൂടിയ മട്ടിലായിരുന്നു പൂജപ്പുര. കാണാനെത്തിയവരുടെ തിരക്ക് അതിനു തെളിവ്. മൽസരം ചടുലമായപ്പോഴൊക്കെ കയ്യടികളിലൂടെ സദസ് പ്രോൽസാഹിപ്പിച്ചു. വേദിക്കു ചുറ്റും പൊടി പൊല്ലാപ്പായി. കാണാനെത്തിയവരിൽ ചിലരൊക്കെ പൊടിയെ പേടിച്ചു സ്ഥലംവിട്ടു. പൊടിശല്യം നിയന്ത്രിക്കാൻ ഇടയ്ക്കു വെള്ളം തളിക്കുന്നുണ്ടായിരുന്നു.

പൊരിവെയിലിനോടും പിണങ്ങാത്ത ആവേശമായിരുന്നു പട്ടം സെന്റ് മേരീസ് എച്ച്എസ്എസ് ഗ്രൗണ്ടിൽ. വെയിലിനോടും രണ്ടാൾ പൊക്കത്തിൽ വീശുന്ന പൊടിക്കാറ്റിനോടും മല്ലടിക്കാൻ ബാൻഡ് മേളത്തിന് എത്തിയത് എച്ച്എസ് വിഭാഗത്തിൽ 21 ടീമുകളാണ്. ഒന്നിനൊന്നു വാശി നിറച്ചാണ് ഓരോ ടീമുകളും മൽസരത്തിനെത്തിയത്. ദേശഭക്തി ഗാനങ്ങളും സിനിമാ ഗാനങ്ങളുമെല്ലാം മേളത്തിനു കൊഴുപ്പേകി. കയ്യടികളും വിസിലടികളുമായി പെൺകുട്ടികളടങ്ങുന്ന കാണികൾ മൽസരാർഥികളുടെ ആവേശത്തിന് എരിവേറ്റി. മര്യാദയ്ക്ക് ഇരുന്നു കാണാനുള്ള സൗകര്യമില്ലായിരുന്നെങ്കിലും കാഴ്ചക്കാരും ഫോണിൽ വിഡിയോ എടുക്കുന്നവരും ബാൻഡ് സംഘത്തിനു സമീപം ധാരാളമുണ്ടായിരുന്നു. വെയിലേറ്റു കുഴയുന്ന മൽസരാർഥികൾക്ക് ഇന്നലെയും പഞ്ഞമുണ്ടായില്ല.

കലോൽസവത്തിലെ ജനപ്രിയ ഇനമായ നാടോടിനൃത്ത വേദി ഹൗസ്ഫുൾ. ഹയർ സെക്കൻഡറി പെൺകുട്ടികളുടെ മൽസരത്തിൽ 37 പേർ വേദിയിലെത്തിയപ്പോഴും തുടക്കത്തിലേ അതേ ആവേശത്തോടെ ജനം കലാകാരികളെ പ്രോൽസാഹിപ്പിച്ചു; വിസിലടിച്ചും കയ്യടിച്ചും വേദിയെ ആഘോഷമാക്കി. ഇടയ്ക്ക് അൽപസമയം ഇടവേള അനുവദിച്ചപ്പോഴും ജനം മടുപ്പു കാട്ടാതെ മൽസരം പുനരാരംഭിക്കാൻ കാത്തിരുന്നു. നൃത്താധ്യാപകർ ഒന്നടങ്കം കാണികളായെത്തിയതും വേദിയെ ഉണർത്തി.

കേരളനടനവും സംഘനൃത്തവും ഒപ്പനയും ഗാനമേളയും ഉൾപ്പെടെയുള്ള ജനപ്രിയ ഇനങ്ങളാണ് ഇന്നു വേദികളിൽ. ഞായറാഴ്ച കലോൽസവം ആഘോഷിക്കാൻ കലാപ്രേമികൾ ഒഴുകിയെത്തുമെന്ന പ്രതീക്ഷയിലാണു സംഘാടകർ.



സംസ്ഥാന സ്കൂൾ കലോൽസവത്തിൽ ഹൈസ്കൂൾ വിഭാഗം പെൺകുട്ടികളുടെ ഭരതനാട്യത്തിൽ എ ഗ്രേഡ് നേടിയ നിർമല ഭവൻ ഗേൾസ് എച്ച്എസ്എസിലെ ദിയ നായർ.

## വേദികളിൽ ഇന്ന്



വേദി–1: പുത്തരിക്കണ്ടം മൈതാനം
കേരളനടനം (എച്ച്എസ്)ബി- 9.00,
സംഘനൃത്തം (എച്ച്എസ്)- 2.00
വേദി–2: പൂജപ്പുര മൈതാനം
നാടൻപാട്ട് (എച്ച്എസ്എസ്)- 9.00,
ഗാനമേള (എച്ച്എസ്)- 12.00
വേദി–3: ഗവ. വിമൻസ് കോളജ് ഓഡിറ്റോറിയം
ഒപ്പന (എച്ച്എസ്എസ്)- 9.00,
പരിചമുട്ട്കളി (എച്ച്എസ്എസ്)- 2.00
വേദി–4: വിജെടി ഹാൾ, പാളയം
നാടോടിനൃത്തം (എച്ച്എസ്)ജി-9.00,
ചവിട്ടുനാടകം (എച്ച്എസ്)- 11.00
വേദി–5: സെന്റ് ജോസഫ്സ് എച്ച്എസ്എസ് ഓഡിറ്റോറിയം
നാടകം (എച്ച്എസ്)-9.00
വേദി–6: ഗവ. ഗേൾസ് എച്ച്എസ്എസ് കോട്ടൺഹിൽ
വഞ്ചിപ്പാട്ട് (എച്ച്എസ്)- 9.00, ദേശഭക്തിഗാനം (എച്ച്എസ്)- 2.00
വേദി–7: എസ്എംവി മോഡൽ എച്ച്എസ്എസ്
തായമ്പക (എച്ച്എസ്എസ്)- 9.00,
കഥാപ്രസംഗം (എച്ച്എസ്)- 12.00
വേദി–8: ഗവ. ഗേൾസ് വി ആൻഡ് എച്ച്എസ്എസ് മണക്കാട്
സംസ്കൃതോൽസവം. നാടകം- 9.00
വേദി–9: ഗവ. എൽപിഎസ് കോട്ടൺഹിൽ ഓഡിറ്റോറിയം
നങ്ങ്യാർകൂത്ത് (എച്ച്എസ്എസ്)ജി- 9.00
വേദി–10: ഗവ. മോഡൽ എച്ച്എസ് എൽപിഎസ് തൈക്കാട്
കൂടിയാട്ടം (എച്ച്എസ്എസ്)- 9.00
വേദി – 11: ഹോളി ഏഞ്ചൽസ് എച്ച്എസ്എസ്
നാഗസ്വരം (എച്ച്എസ്)- 9.00,
നാഗസ്വരം (എച്ച്എസ്എസ്)- 12.00
വേദി–12: പബ്ലിക് ലൈബ്രറി ഹാൾ, പാളയം
വീണ (എച്ച്എസ്)- 9.00,
വീണ/വിചിത്ര വീണ (എച്ച്എസ്എസ്)- 12.00
വേദി–16: രചനാ മൽസരങ്ങൾ:
എസ്എംവി മോഡൽ എച്ച്എസ്എസ്
തർജമ അറബിയിലേക്ക്, കാർട്ടൂൺ (എച്ച്എസ്)- 9.00,
പോസ്റ്റർ നിർമാണം, കാർട്ടൂൺ (എച്ച്എസ്എസ്)- 11.00,
കാപ്ഷൻ രചന, കൊളാഷ് (എച്ച്എസ്എസ്)- 2.00,
നിഘണ്ടു നിർമാണം- 4.00
സാംസ്കാരികോൽസവം
അട്ടക്കുളങ്ങര സിമാറ്റ് ഓഡിറ്റോറിയം സാഹിത്യസെമിനാർ 10.00
ഗാന്ധിപാർക്ക് മ്യൂസിക്കൽ ഫ്യൂഷൻ 7.00
ഇ.കെ. നായനാർ പാർക്ക്
മലയാള മനോരമ കലോൽസവ പ്രദർശനം-10.00

## മനോരമ– നിംസ് മൽസരങ്ങൾ പുത്തരിക്കണ്ടത്ത്

ISO 9001-2008 Certified Hospital
NIMS
A Unit of N.I. Educational Trust

- അടിക്കുറിപ്പ് മൽസരം
- വിസിറ്റ് ആൻഡ് വിൻ മൽസരം
- മനോരമ ലൈവ് ക്വിസ് ഉച്ചയ്ക്ക് ഒരു മണിക്ക്

മലയാള മനോരമയും നിംസ് മെഡിസിറ്റിയും കലോൽസവ വേദിയിൽ നടത്തിവരുന്ന ലൈവ് ക്വിസ് മത്സരത്തിന് ആവേശകരമായ പ്രതികരണം. ഒന്നാം വേദിയായ മനോരമ സ്റ്റാളിനു സമീപമാണ് എന്നും ഉച്ചയ്ക്ക് ഒന്നിന് ക്വിസ് നടക്കുക. ശരിയുത്തരം പറയുന്നവർക്കു സ്റ്റാളിൽ ഉടൻ തന്നെ സമ്മാനങ്ങൾ വിതരണം ചെയ്യും. ബാക്പാക്ക് ബാഗുകൾ, പെൻഡ്രൈവുകൾ, മനോരമ ഇയർ ബുക്ക്, ടീഷർട്ടുകൾ തുടങ്ങിയവയാണ് സമ്മാനങ്ങൾ.

ഇന്നത്തെ മനോരമ പത്രത്തിലെ വാർത്തകളിൽ നിന്നാണ് ചോദ്യങ്ങൾ.അടിക്കുറിപ്പ് മൽസരത്തിനും ആവേശകരമായ പ്രതികരണമാണ്. മികച്ച അടിക്കുറിപ്പെഴുതുന്നവരിൽ നിന്നു നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കുന്നവർക്ക് ആകർഷക സമ്മാനങ്ങൾ ലഭിക്കും. ഇ.കെ. നായനാർ പാർക്കിൽ തയാറാക്കിയിരിക്കുന്ന കേരളത്തിലെ ഇന്നോളമുള്ള കലോൽസവ ചരിത്രവും കാഴ്ചകളും അടങ്ങുന്ന പ്രദർശനം കാണാനെത്തുന്നവർക്കു പ്രത്യേക 'വിസിറ്റ് ആൻഡ് വിൻ' സമ്മാനവുമുണ്ട്.






സംസ്ഥാന സ്കൂൾ കലോൽസവത്തിൽ ഹൈസ്കൂൾ വിഭാഗം ഒപ്പനയിൽ എ ഗ്രേഡ് നേടിയ ആറ്റിങ്ങൽ സിസ്റ്റർ എലിസബത്ത് ജോയൽ സിഎസ്ഐ ഇഎംഎച്ച്എസ്എസ് സംഘം. ചിത്രം. അരുൺ ശ്രീധർ

# ഓറഞ്ചിൽ കണ്ണഞ്ചി...



കൊല്ലം ലിറ്റിൽ ഫ്ലവർ എച്ച്എസ്എസ് സംഘം.



ബി.എസ്. മിനി



ഗീത പ്രദീപ്, ഫാത്തിമ ബീവി എന്നിവർ.



ഗംഗാധര പണിക്കർ



അക്ഷിത ഡി. റെയ്ന



എമി ബാബു



ടെക്നോവേൾഡ് ഉടമ രാജേഷ് പണിക്കർ സമ്മാന ജേതാവ് മുഹമ്മദ് ഇജാസിന് സമ്മാനം കൈമാറുന്നു.



രാജേഷ്, ദീപ, എബിൻ, അനുഗ്രഹ.



രേവതി, പ്രണവ്, പുണ്യ.

കളർ മൽസരം നാലാംദിനത്തിലെത്തിയപ്പോൾ കലോൽസവ നഗരിയിൽ ആളുകളെത്തിയതു കുടുംബത്തോടെ ഓറഞ്ച് വേഷത്തിൽ. എരിഞ്ഞുകത്തുന്ന വെയിലിൽ ഓറഞ്ച് ഇഷ്ടപ്പെടുന്നതുപോലെ എല്ലാവർക്കും ഇഷ്ടമാണ് ഓറഞ്ച് നിറം. തെളിച്ചമുള്ള നിറം. സൗന്ദര്യം നൽകുന്ന നിറം.. ഓറഞ്ച് ഇഷ്ടപ്പെടാൻ കാരണങ്ങളേറെയാണ്.

മുഹമ്മദ് ഇജാസും മുഹമ്മദ് റിയാസും നസീമയും സലീനയും താഹിറയും മണക്കാടു നിന്ന് ഒപ്പനമൽസരം കാണാൻ പുത്തരിക്കണ്ടം മൈതാനത്തെത്തിയത് ഓറഞ്ച് വേഷത്തിലാണ്. കുടുംബത്തിലെ എല്ലാവർക്കും ഇഷ്ടമുള്ള നിറമാണ് ഓറഞ്ച്. പ്രണവിനും കുഞ്ഞനിയത്തി പുണ്യയ്ക്കും ഇഷ്ടനിറം ഓറഞ്ചായതിനാൽ അമ്മ രേവതിയും എത്തിയത് ഓറഞ്ചണിഞ്ഞ്. ഫാത്തിമ ബീവിക്ക് അയൽക്കാരി ഗീത പ്രതാപ് മോളെപ്പോലെയാണ്. കലോൽസവത്തിൽ ഒപ്പന മൽസരം കാണാനായി ഫാത്തിമ ബീവി ഓറഞ്ച് സാരിയും ഓറഞ്ച് തട്ടവുമിട്ടു വന്നു വിളിച്ചപ്പോൾ ഓറഞ്ച് ചുരിദാർ അണിഞ്ഞു ഗീതയും ഇറങ്ങി. അഡ്വ. എമി മനുവിനോടു നാത്തൂനാണു പറഞ്ഞത് ഓറഞ്ച് നന്നായി ചേരുമെന്ന്. ഓറഞ്ച് സാരിയില്ലാത്തതിനാൽ നാത്തൂന്റെ സാരിയുടുത്താണു കലോൽസവം കാണാനെത്തിയത്. സമ്മാനം നാത്തൂനു കൊടുക്കുമെന്നും എമി പറഞ്ഞു. ഓറഞ്ച് നീളനുടുപ്പിട്ടു പൂമ്പാറ്റയെപ്പോലെയാണ് അക്ഷിത വേദികളിലൂടെ പാറിപ്പറന്നു നടന്നത്. തലയിൽ ഓറഞ്ച് പൂക്കൾ ചൂടി. ടെക്നോപാർക്കിൽ ഐബിഎസിൽ ജോലിചെയ്യുന്ന രാജേഷ് ലീവെടുത്തു കലോൽസവം കാണാനെത്തി, സകുടുംബം ഓറഞ്ച് വേഷത്തിൽ. കഥകളിയിലും കുച്ചിപ്പുഡിയിലും മോഹിനിയാട്ടത്തിലും സമ്മാനങ്ങൾ വാരിക്കൂട്ടിയ ഗോപിക രാജിന് ഓറഞ്ച് ഡ്രസിട്ടാൽ പോസിറ്റീവ് എനർജി കിട്ടുമത്രേ.

### ഓറഞ്ചണിഞ്ഞു സമ്മാനം നേടിയവർ.

മുഹമ്മദ് ഇജാസ് മണക്കാട്, പുണ്യ കേശവദാസുരം, ഫാത്തിമ ബീവി പാറശാല, അഡ്വ. എമി മനു മാവേലിക്കര, അക്ഷിത ഡി. റെയ്ന പേരൂർക്കട, ഗോപിക രാജ് വെള്ളയമ്പലം, ഡാനി റെജി ലിറ്റിൽ ഫ്ലവർ സ്കൂൾ കൊല്ലം, ഗംഗാധരപ്പണിക്കർ കേശവദാസപുരം, ബി-.എസ്. മിനി പൂങ്കുളം, രാജേഷ് ഞണ്ടൂർക്കോണം. ഇന്നു പച്ച അണിഞ്ഞെത്തുന്നവരിൽ ഭാഗ്യശാലികൾക്കു സമ്മാനം.


TECHNO WORLD
THE IT STORE
COMPUTER | LAPTOP SALES & SERVICE
PUNNEN ROAD, STATUE, THIRUVANANTHAPURAM
PH : 9387800188, LANDLINE : 0471-2320004




ഗോപിക രാജ്.